## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 445 — 09.02. 2016 ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശിക

**ചോദ്യം**
ശ്രീ. പി.ഉബൈദുള്ള

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടായിരുന്നു എന്ന് അറിയിക്കുമോ; | (എ) 30.06.2011-ലെ കണക്കുപ്രകാരം 1202.59 കോടി രൂപയാണ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഉണ്ടായിരുന്നത്. |
| (ബി) കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ; ഇതിൽ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് പട്ടിക തിരിച്ച് നൽകുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 112805.65 ലക്ഷം രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.<br>ഗാർഹികം - 36089.73 ലക്ഷം<br>ഗാർഹികേതരം - 76715.92 ലക്ഷം<br>(ഈ സർക്കാർ ചുമതല ഏറ്റ സമയത്ത് നിലവിലുണ്ടായിരുന്ന കുടിശ്ശികയും പിന്നീട് കാലാകാലങ്ങളിൽ ഉണ്ടായ കുടിശ്ശികയും ഉൾപ്പെടെ) |
| (സി) നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടെന്നു വെളിപ്പെടുത്തുമോ; | (സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം 30.09.2015-ൽ ആകെ 1964.12 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത്. |
| (ഡി) വൻകിടക്കാരായ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റ് നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിക്കുമോ? | (ഡി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘ കാല കുടിശ്ശികയുള്ള |

| | |
|---|---|
| | ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ